**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1209

12 .03.2015-ൽ
മറുപടിയ്ക്ക്

## 'റവന്യൂ വകുപ്പിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ'

ചോദ്യം
ശ്രീ. എ. എം. ആരിഫ്

മറുപടി
ശ്രീ.അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

(എ) റവന്യൂ വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ്;

(എ)

1. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി
2. സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി
3. കാലാവധി കഴിഞ്ഞ പാട്ടകേസുകളിന്മേലുള്ള നടപടി
4. ലക്ഷം വീട് താമസകാർക്കും പുറമ്പോക്ക് നിവാസികൾക്കും പട്ടയ വിതരണം
5. റവന്യൂ മീഡിയ സെൽ രൂപീകരണം
6. റവന്യൂ സർവ്വേ അദാലത്ത്

(ബി) ഇവ ഓരോന്നിനും അനുവദിച്ച തുക, ബഡ്ജറ്റിൽ വകയിരുത്തിയ തുക എന്നിവ എത്ര;

(ബി) 2013-14 സാമ്പത്തിക വർഷം ആരംഭിച്ച സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായി സർക്കാർ ഉത്തരവ് (സാധാ) 1633/14/റവ. തീയതി, 26/03/2014 പ്രകാരം 2013-14 സാമ്പത്തിക വർഷം 1.40 കോടി രൂപയുടെയും സർക്കാർ ഉത്തരവ് (സാധാ) 2413/14/റവ. തീയതി 03/06/2014, സർക്കാർ ഉത്തരവ് (സാധാ.) 4247/14/റവ. തീയതി 30/08/2014 എന്നിവ പ്രകാരം 2013-14 സാമ്പത്തിക വർഷം 4,69,09,900/- രൂപയുടെയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2013-14-ൽ 1.40 കോടി രൂപയും 2014-15 ൽ 4.70 കോടി രൂപയുമാണ് ടി പദ്ധതിയ്ക്കായി ബഡ്ജറ്റിലുൾപ്പെടുത്തിയിട്ടുള്ളത്.

ഭൂരഹിതരല്ലാത്ത കേരളം പദ്ധതിക്കായി 10 കോടി രൂപ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. ഇതിൽ 9.50 കോടി ചെലവാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

മറ്റു പദ്ധതികൾക്ക് ബഡ്ജറ്റിൽ പ്രത്യേക തുക അനുവദിച്ചിട്ടില്ല.

(സി) 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയതല്ലാതെ ഏതെങ്കിലും തരത്തിൽ തുക ഇതിനായി കണ്ടെത്തി ഉപയോഗിക്കുകയുണ്ടായോ; വിശദാംശം ലഭ്യമാക്കാമോ;

(സി) സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക മാത്രമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി 2013-14 വർഷത്തെ ബഡ്ജറ്റ് പ്രകാരം അനുവദിച്ചതിൽ മിച്ചമുണ്ടായിരുന്ന തുക റ്റി.എസ്.ബി-ൽ നിക്ഷേപിച്ചിരുന്നു. ഇതിൽ നിന്നും 6,71,539 രൂപ നടപ്പു വർഷം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

(ഡി) ഓരോ പദ്ധതിക്കും ഇതിനകം ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയ്ക്കായി നാളിതുവരെ 2,16,47,587/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഭൂരഹിതരില്ലാത്ത കേരള പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ 4,50,67,449/- രൂപ ചെലവാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 3,11,64,039 രൂപ ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. ഇതിൽ നിന്നുള്ള ചെലവ് 31/03/2015 വരെ നടത്താൻ കഴിയുമെന്നതിനാൽ നാളിതുവരെ ചിലവായ തുകയുടെ കൃത്യമായ കണക്ക് തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ലാത്തതാണ്.

(ഇ) പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെങ്കിലും ഇതുവരെ തുടങ്ങാൻ കഴിയാതെ വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) 1. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയും സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയും ഇപ്പോൾ നടന്നു വരുന്നു. മറ്റു പദ്ധതികൾ പ്രാരംഭ ഘട്ടത്തിലാണ്.

2. റവന്യൂ-സർവ്വേ അദാലത്ത് 14 ജില്ലകളിലും റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ നടത്തി

(എഫ്) പദ്ധതികൾ പൂർത്തീകരിക്കാൻ ഇനി എത്ര ദിവസങ്ങൾ വേണ്ടിവരുമെന്ന് അറിയിക്കുമോ?

(എഫ്) സ്മാർട്ട് റവന്യൂ പദ്ധതിയുടെ 2013-14-ൽ ആരംഭിച്ച ഒന്നാം ഘട്ടത്തിൽ ഓരോ ജില്ലയിലും ഒന്നു വീതം ആകെ 14 വില്ലേജ് ഓഫീസുകളുടെ നവീകരണമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2015 മാർച്ച് മാസത്തിന് മുമ്പ് തന്നെ പ്രസ്തുത 14 വില്ലേജുകളുടെയും നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയുന്നതാണ്. 2014-15 വർഷം നടപ്പിലാക്കുന്ന രണ്ടാം ഘട്ടത്തിൽ എറണാകുളം, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകൾ ഒഴികെ ബാക്കിയുള്ള 10 ജില്ലകളിലായി 11 വില്ലേജാഫീസുകൾ സ്മാർട്ട് റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിച്ചു വരുന്നു. ഈ സാമ്പത്തിക വർഷം തന്നെ രണ്ടാം ഘട്ടവും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015 അവസാനത്തോടു കൂടി പൂർത്തിയാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്.

സെക്ഷൻ ഓഫീസർ